"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന അഡ്വഞ്ചർ ടൂറിസം അക്കാദമി - സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും, പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കും മാർഗ നിർദേശത്തിനും മേൽ നോട്ടത്തിനുമായി കമ്മിറ്റി രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.33/2025/TSM തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 320/2019/ടൂറിസം തീയതി 18-09-2019
2. സ.ഉ(കൈ) നം. 307/2020/റവ. തീയതി 29/12/2020
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 30-12-2024 തീയതിയിലെ DOT/14533/2023-P6 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം(1) ഉത്തരവ് പ്രകാരം, തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി 'അഡ്വഞ്ചർ ടൂറിസം അക്കാദമി' സ്ഥാപിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുവാൻ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി രണ്ടു സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നിബന്ധനകൾക്കും മറ്റു വ്യവസ്ഥകൾക്കും വിധേയമായി ടൂറിസം വകുപ്പിന് ഉപയോഗാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

(2). തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന അഡ്വഞ്ചർ ടൂറിസം അക്കാദമി പദ്ധതിയുടെ പ്രൊപ്പോസൽ ഡയറക്ടർ സർക്കാരിൽ

സമർപ്പിച്ചിരുന്നു. സർക്കാർ നേരിട്ട് നടപ്പിലാക്കുന്നതിന് പകരം ടൂറിസം വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ ഫണ്ടിംഗ് നടത്തി പ്രസ്തുത സ്ഥാപനത്തിന്റെ കീഴിൽ അഡ്വഞ്ചർ ടൂറിസം അക്കാദമി സ്ഥാപിക്കുന്ന കാര്യം പരിശോധിക്കണമെന്നും അത്തരത്തിൽ സ്ഥാപനം ആരംഭിക്കാൻ കഴിയുമെങ്കിൽ അക്കാദമി ആരംഭിച്ച കഴിഞ്ഞതിന് ശേഷം ആയതിന്റെ പ്രവർത്തനം നടത്തിക്കൊണ്ട് പോകുന്നതിന് സ്വയാർജ്ജിതമായ വരുമാന സ്രോതസ്സുകൾക്കൊപ്പം ബജറ്റ് പിന്തുണ കൂടി നൽകി സ്ഥാപനം നടത്തിക്കൊണ്ട് പോകുന്നതിനുള്ള റവന്യൂ മോഡൽ സംബന്ധിച്ച് വിശദമായ അവലോകനം നടത്തി പ്രൊപ്പോസൽ സമർപ്പിക്കുവാൻ വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു.

(3). പ്രസ്തുത പ്രൊപ്പോസൽ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഉൾപ്പെടുത്തി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സാഹസിക ടൂറിസം രംഗത്ത് പരിചയവും ഇൻവെസ്റ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കുവാൻ പ്രാഗൽഭ്യമുള്ള ഏജൻസികളെ കണ്ടെത്തി സാഹസിക പാർക്കും , ട്രെയിനിംഗ് സെന്ററും നടപ്പിലാക്കുന്നതിനായി അനുമതി നൽകണമെന്ന് KATPS ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ആവശ്യപ്പെട്ടതിൻപ്രകാരം, ടി പദ്ധതിക്കായി ഉപയോഗാനുമതി ലഭിച്ച ഭൂമി റവന്യൂ വകുപ്പിന്റെ നിബന്ധനകൾ പൂർണ്ണമായി പാലിച്ചുകൊണ്ട് ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി സാഹസിക പാർക്കും, ട്രെയിനിംഗ് സെന്ററും KATPS ന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന അഡ്വഞ്ചർ ടൂറിസം അക്കാദമി' പദ്ധതിക്കായി ഉപയോഗാനുമതി ലഭിച്ച ഭൂമി, റവന്യൂ വകുപ്പിന്റെ നിബന്ധനകൾ പൂർണ്ണമായി പാലിച്ചുകൊണ്ട് ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി KATPS ന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ക്കൊണ്ടും, പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കും മാർഗ നിർദേശത്തിനും മേൽ നോട്ടത്തിനുമായി ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചും ഉത്തരവാകുന്നു.

1. സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
2. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.
3. പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്.

4. മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്.

5. ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.ടി.ഐ.എൽ), വിപഞ്ചിക ടവേഴ്സ്, തൈക്കാട്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, വഴുതയ്ക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി(ടൂർ-സി2/102/2019-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 23-01-2025 11:05:56

സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.